പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 650 — 28.02. 2017 ൽ മറുപടിക്ക്

വൈദ്യുതി തുകയുടെ കുടിശ്ശിക

ചോദ്യം

ശ്രീ.വി.കെ.സി.മമ്മത് കോയ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭീമമായ വൈദ്യുതി തുക കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ നിന്നും ആയത് പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) സപ്ലൈ കോഡ് 2014 ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച്, കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ, വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ച് വരുന്നു. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. ദീർഘ കാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിട്ടുണ്ട്. കേരള പോലീസ്, കേരള വാട്ടർ അതോറിറ്റി, സർക്കാർ ആശുപത്രികൾ, കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നവ എന്നിവ ഒഴിച്ചുള്ള വൈദ്യുത കണക്ഷനുകളാണ് സാധാരണ ഗതിയിൽ വിച്ഛേദിക്കാറുള്ളത്. ഇത്തരം ഉപഭോക്താക്കൾക്ക് കുടിശ്ശിക വിവരങ്ങൾ വ്യക്തമാക്കുന്ന നോട്ടീസ് നൽകാറുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉപയുക്തമാക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.<br>31.03.2017 – ന് വരെ കാലയളവിലേയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പലിശ ഇളവോടു കൂടി നടപ്പിലാക്കി വരുന്നു. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി ജില്ലാ കളക്ടർ വിളിച്ചു ചേർക്കുന്ന മീറ്റിംഗുകളിൽ പങ്കെടുത്ത് നടപടികൾ സ്വീകരിക്കുന്ന തിനായി സംസ്ഥാന തല നോഡൽ ഓഫീസറെ ചുമതലപ്പെടുത്തുകയുണ്ടായി. |

| | |
|---|---|
| | വിവിധ കോടതികളിൽ കേസുകളിൽപ്പെട്ട് പിരിച്ചെടുക്കുവാൻ കഴിയാതെ തടസ്സപ്പെട്ടു കിടക്കുന്ന കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) കഴിഞ്ഞ യു.ഡി.എഫ്.ഭരണ കാലത്ത് വൈദ്യുതി തുക കുടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്? | (ബി) യു.ഡി.എഫ് ഭരണത്തിന്റെ അവസാന പാദമായ 31.03.2016 ൽ അവസാനിക്കുന്ന ത്രൈമാസ കണക്ക പ്രകാരം വൈദ്യുതി തുക കുടിശ്ശിക വരുത്തിയ പൊതുമേഖല സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

U/S Q No 550

| LIST OF DEFAULTERS UNDER KERALA PUBLIC SECTOR UNDERTAKINGS AND CO-OPERATIVE SECTOR AS ON 31-03-2016. | | |
|---|---|---|
| Sl. No. | NAME OF DEPARTMENT | ARREARS IN RUPEES (Without interest) |
| 1 | WATER AUTHORITY | 7,579,554,666 |
| 2 | TRAVANCORE COCHIN CHEMICALS | 1,252,149,113 |
| 3 | AUTOKAST LIMITED | 499,407,462 |
| 4 | KERALA CERAMICS (OLD) | 54,893,589 |
| 5 | THRISSUR CO-OPERATIVE SPINNING MILLS | 48,292,174 |
| 6 | KHRWS | 21,091,130 |
| 7 | VITAMIN A PLANT, KSDP | 19,545,724 |
| 8 | KERALA CERAMICS (NEW) | 18,947,123 |
| 9 | MILMA | 7,957,774 |
| 10 | CO-OPERATIVE SPINNING MILLS, KOLLAM | 14,544,729 |
| 11 | ASPIRIN PROJECT | 14,523,272 |
| 12 | ERNAKULAM DIARY | 10,709,286 |
| 13 | DAIRY MILK PROCESSING PLANT, KOZHIKODE | 10,090,659 |
| 14 | MALABAR SPINNING & WEAVING MILL LIMITED | 9,768,968 |
| 15 | KERALA SOAPS & OILS LIMITED | 8,181,510 |
| 16 | MALABAR CEMENTS LIMITED | 8,084,014 |
| 17 | KERALA CO.OP MILK MARKETING FED, KNR & ALP | 7,551,121 |
| 18 | KELTRON RECTIFIERS | 6,967,756 |
| 19 | UDUMA TEXTILES, KASARAGOD | 6,116,724 |
| 20 | HITECH WEAVING MILLS | 5,060,117 |
| 21 | KOTTAYAM TEXTILES VEDGIRI, KOTTAYAM | 4,629,921 |
| 22 | TRAVANCORE TITANIUM PRODUCTS LIMITED | 4,194,582 |
| 23 | KELTRON POWER DEVICES LIMITED | 3,766,231 |
| 24 | TRIVANDRUM SPINNING MILLS LIMITED | 3,418,796 |
| 25 | CANNANORE CO-OPERATIVE SPINNING MILLS | 3,482,510 |
| 26 | KERALA STATE WOOD INDUSTRIES | 2,727,286 |
| 27 | MALAPPURAM CO-OPERATIVE SPINNING MILLS | 4,056,322 |
| 28 | MILK PROJECT, EDAPPALLY | 2,061,127 |
| 29 | KADUTHURUTHY RUBBER SOCIETY | 874,393 |
| 30 | KERAFED OIL COMPLEX | 729,689 |
| 31 | KERALA STATE RUBBER MARKETING FED. ALPY | 725,987 |
| 32 | CHITTUR SUGARS | 447,848 |
| 34 | SIDCO TOOLS | 365,530 |
| 35 | TRAVANCORE SUGARS & CHEMICALS LIMITED | 314,953 |
| 36 | OTHERS (Arrears below Rupees One lakh) | 352,886 |
| 37 | KERALA STATE HOUSING BOARD | 262,103 |
| 38 | MILK CHILLING PLANT | 206,849 |
| 40 | CALICUT INTEGRATED POWER LOOM | 161,825 |
| 41 | KERALA STATE FINANCIAL ENTERPRISES | 152,332 |
| 42 | MATSYAFED | 101,902 |
| 43 | ELECTRIC CREMATORIUM, THYCAUD | 101,789 |
| 44 | KINFRA SMALL INDUSTRIES PARK | 129,865 |
| | **TOTAL IN RUPEES** | **9,636,701,645** |